**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5962** **16-03-2023 - ൽ മറുപടിയ്ക്ക്**

**കില നടത്തുന്ന പരിശീലന പരിപാടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനിൽ എതെല്ലാം പരിശീലനങ്ങൾ ആണ് നടത്തുന്നതെന്നും പ്രസ്തുത പരിശീലനങ്ങൾക്കുള്ള റിസോഴ്സ് പേഴ്സൺമാരെ തെരഞ്ഞെടുക്കുന്നത് ഏത് വിധത്തിലാണെന്നും വ്യക്തമാക്കുമോ; | (എ) | പ്രാദേശിക തലത്തിൽ വികസനവും സദ്ഭരണവും സുസ്ഥിര വികസനവും കാര്യശേഷി വികസനവും ഉറപ്പുവരുത്തി ജനങ്ങളുടെ ആശയാഭിലാഷങ്ങൾ സാക്ഷാത്കരിക്കുന്നതിന് ആവശ്യമായ സേവന പ്രദാന ചുമതലകളും ഉത്തരവാദിത്തങ്ങളും നിർവ്വഹിക്കുന്നതിന് പര്യാപ്തമായവിധം പ്രാദേശിക സർക്കാരുകളെ ശാക്തീകരിക്കുന്നതിനുള്ള പരിശീലനങ്ങളാണ് നടത്തി വരുന്നത്. പ്രാദേശിക സർക്കാരുകളിലെ ജനപ്രതിനിധികളിലെ നേതൃപാടവവും കാര്യശേഷിയും വളർത്തുന്നതോടൊപ്പം സുസ്ഥിരവികസന ലക്ഷ്യങ്ങൾ ഉറപ്പാക്കി കാലിക പ്രസക്തിയുള്ള വിഷയങ്ങളായ ദാരിദ്ര്യ ലഘൂകരണം, മൈക്രോ പ്ലാൻ തയ്യാറാക്കൽ, വൺ ലോക്കൽ ഗവൺമെന്റ് വൺ ഐഡിയ (OLOI), വൺ ഹെൽത്ത്, തൊഴിൽസഭ, ദുരന്ത നിവാരണ പദ്ധതി രൂപീകരണം, ബാലസൗഹൃദ പഞ്ചായത്ത്, ലിംഗ നീതിയിലൂന്നിയ തദ്ദേശ ഭരണം, വയോജന സൌഹൃദ തദ്ദേശഭരണം, വൈദഗ്ധ്യ വികസനത്തിനായി വിവിധ ഡിപ്ലോമ - സർട്ടിഫിക്കറ്റ് കോഴ്സുകൾ, നീർത്തടാധിഷ്ഠിത വികസനം, സമഗ്ര മാലിന്യ നിർമ്മാർജനം എന്നീ വിഷയങ്ങൾക്ക് ഊന്നൽ നൽകിയുള്ള പരിശീലനങ്ങളും ഇതോടൊപ്പം നടത്തി വരുന്നു.<br><br>കില ഒരു പരിശീലനസ്ഥാപനമായതിനാലും വിവിധ പ്രൊജക്ടുകൾ ഏറ്റെടുത്ത് നടത്തുന്നതിനാലും പരിശീലനങ്ങളുടെ നടത്തിപ്പിനായി വിവിധ വിഷയ മേഖലകളിൽ പ്രാവീണ്യമുള്ള സർവീസിലുള്ളവരും അല്ലാത്തവരുമായ റിസോഴ്സ് പേഴ്സൺമാരെ ആവശ്യാനുസരണം നിയോഗിച്ച് ഓണറേറിയം നൽകിവരുന്നുണ്ട്. ഇത്തരം റിസോഴ്സ് പേഴ്സൺമാരെ പ്രാദേശികമായും കണ്ടെത്താറുണ്ട്. |

| | | | |
|---|---|---|---|
| | | | അതുപോലെതന്നെ കില ഏറ്റെടുക്കുന്ന വിവിധ പ്രൊജക്റ്റുകൾ മറ്റ് അസൈൻമെന്റുകൾ എന്നിവയുടെ നിർവഹണത്തിനായി ആവശ്യാനുസരണം ഹ്രസ്വകാല അടിസ്ഥാനത്തിൽ കൺസൾട്ടൻസി വ്യവസ്ഥയിൽ സേവനം ലഭ്യമാക്കുകയാണ് ചെയ്യുന്നത്. ഇവരുടെ കൺസൾട്ടൻസി ഫീസ്/ ഓണറേറിയം മുതലായവ ഏൽപ്പിക്കപെടുന്ന പ്രവർത്തിയുടെ കാലയളവ്, വൈദഗ്ധ്യം എന്നിവക്കനുസൃതമായി നിശ്ചയിച്ചുവരുന്നു. |
| (ബി) | കില ആസ്ഥാനത്തിന് വെളിയിൽ എവിടെയെല്ലാമാണ് പരിശീലനങ്ങൾ നടത്താറുള്ളതെന്നും ആയതിന് ഏതെല്ലാം വിധത്തിലാണ് ചെലവുണ്ടാകുന്നതെന്നും അറിയിക്കുമോ; | (ബി) | കില ആസ്ഥാനത്തും പുറത്ത് കിലയുടെ 5 പ്രാദേശിക കേന്ദ്രങ്ങളിലും കൂടാതെ കിലയുമായി ധാരണപത്രം ഒപ്പിട്ടിട്ടുള്ള ഡിസ്ട്രിക്ട് ഇംപ്ലിമെന്റിംഗ് സ്ഥാപനങ്ങളിലും വാടകക്ക് ലഭ്യമായ കേന്ദ്രങ്ങൾ ,തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് പരിശീലനസ്ഥാപനങ്ങൾ എന്നിവിടങ്ങളിലും നിരവധി പരിശീലന പരിപാടികൾ പ്രതിദിനം കില നടത്തിവരുന്നുണ്ട്. എന്നതിനാൽ തന്നെ പരിപാടികൾ സമയബന്ധിതമായും കാര്യക്ഷമമായും കൂടുതൽ പങ്കാളിത്തം ഉറപ്പാക്കി സംഘടിപ്പിക്കുന്നതിലേക്കായി ജില്ലാ/ബ്ലോക്ക് തലത്തിലും അതോടൊപ്പം തലസ്ഥാന നഗരിയിലും വിവിധ ജില്ലാ കേന്ദ്രങ്ങളിലെ വിവിധ സെന്ററുകളിലുമായി കിലക്ക് പരിശീലനം സംഘടിപ്പിക്കേണ്ടി വരുന്നുണ്ട്.<br><br>ഹാൾ വാടക, താമസം, ഭക്ഷണം, പരിശീലന സാമഗ്രികൾ, റിസോഴ്സ് പേഴ്സൺമാർക്കുള്ള യാത്രാബത്ത, ഹോണറേറിയം, അഡ്മിനിസ്ട്രേഷൻ ചാർജ് എന്നീ ഇനങ്ങളിലാണ് ചെലവുകൾ പ്രധാനമായും വരുന്നത്. |
| (സി) | എന്നുവരെയുള്ള പരിശീലങ്ങളുടെ ചെലവുകളും റിസോഴ്സ് പേഴ്സൺമാരുടെ ഓണറേറിയവും യാത്രാബത്തയുമാണ് നാളിതുവരെ നൽകിയിട്ടുള്ളത്; കുടിശിക എന്നത്തേക്ക് കൊടുത്തുതീർക്കാൻ കഴിയുമെന്ന് അറിയിക്കുമോ? | (സി) | പരിശീലന കേന്ദ്രങ്ങളിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള രേഖകളുടെ അടിസ്ഥാനത്തിൽ റിസോഴ്സ് പേഴ്സൺമാരുടെ ഓണറേറിയവും യാത്രാബത്തയും നൽകിയിട്ടുണ്ട്. കൂടാതെ കണക്കുകൾ തീർപ്പാക്കുന്നതിലേക്കായി പ്രത്യേക നടപടികൾ കൈകൊണ്ടതിന്റെ അടിസ്ഥാനത്തിൽ ജില്ലകളിലെ വിവിധ കേന്ദ്രങ്ങളിൽ നിന്നും രേഖകൾ ലഭ്യമാകുന്നതിനനുസരിച്ച് തുക നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പതിനഞ്ചാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5962 16.03.2023 ൽ മറുപടിയ്ക്ക്

കില നടത്തുന്ന പരിശീലന പരിപാടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. എം.ബി രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനിൽ എതെല്ലാം പരിശീലനങ്ങൾ ആണ് നടത്തുന്നതെന്നും പ്രസ്തുത പരിശീലനങ്ങൾക്കുള്ള റിസോഴ്സ് പേഴ്സൺമാരെ തെരഞ്ഞെടുക്കുന്നത് ഏത് വിധത്തിലാണെന്നും വ്യക്തമാക്കുമോ; | (എ) | പ്രാദേശിക തലത്തിൽ വികസനവും സദ്ഭരണവും സുസ്ഥിര വികസനവും കാര്യശേഷി വികസനവും ഉറപ്പുവരുത്തി ജനങ്ങളുടെ ആശയാഭിലാഷങ്ങൾ സാക്ഷാത്കരിക്കുന്നതിന് ആവശ്യമായ സേവന പ്രദാന ചുമതലകളും ഉത്തരവാദിത്തങ്ങളും നിർവ്വഹിക്കുന്നതിന് പര്യാപ്തമായവിധം പ്രാദേശിക സർക്കാരുകളെ ശാക്തീകരിക്കുന്നതിനുള്ള പരിശീലനങ്ങളാണ് നടത്തി വരുന്നത്. പ്രാദേശിക സർക്കാരുകളിലെ ജനപ്രതിനിധികളിലെ നേതൃപാടവവും കാര്യശേഷിയും വളർത്തുന്നതോടൊപ്പം സുസ്ഥിരവികസന ലക്ഷ്യങ്ങൾ ഉറപ്പാക്കി കാലിക പ്രസക്തിയുള്ള വിഷയങ്ങളായ ദാരിദ്ര്യ ലഘൂകരണം, മൈക്രോ പ്ലാൻ തയ്യാറാക്കൽ, വൺ ലോക്കൽ ഗവൺമെന്റ് വൺ ഐഡിയ (OLOI), വൺ ഹെൽത്ത്, തൊഴിൽസഭ, ദുരന്ത നിവാരണ പദ്ധതി രൂപീകരണം, ബാലസൗഹൃദ പഞ്ചായത്ത്, ലിംഗ നീതിയിലൂന്നിയ തദ്ദേശ ഭരണം, വയോജന സൌഹൃദ തദ്ദേശഭരണം, വൈദഗ്ദ്ധ്യ വികസനത്തിനായി വിവിധ ഡിപ്ലോമ - സർട്ടിഫിക്കറ്റ് കോഴ്സുകൾ, നീർത്തടാധിഷ്ഠിത വികസനം, സമഗ്ര മാലിന്യ നിർമ്മാർജനം എന്നീ വിഷയങ്ങൾക്ക് ഊന്നൽ നൽകിയുള്ള പരിശീലനങ്ങളും ഇതോടൊപ്പം നടത്തി വരുന്നു.<br>കില ഒരു പരിശീലനസ്ഥാപനമായതിനാലും വിവിധ പ്രൊജക്ടുകൾ ഏറ്റെടുത്ത് നടത്തുന്നതിനാലും പരിശീലനങ്ങളുടെ നടത്തിപ്പിനായി വിവിധ വിഷയ മേഖലകളിൽ പ്രാവീണ്യമുള്ള സർവീസിലുള്ളവരും അല്ലാത്തവരുമായ റിസോഴ്സ് പേഴ്സൺമാരെ ആവശ്യാനുസരണം നിയോഗിച്ച് ഓണറേറിയം നൽകിവരുന്നുണ്ട്. ഇത്തരം റിസോഴ്സ് പേഴ്സൺമാരെ പ്രാദേശികമായും കണ്ടെത്താറുണ്ട്. അതുപോലെതന്നെ കില ഏറ്റെടുക്കുന്ന വിവിധ |

| | | | |
|---|---|---|---|
| | | | പ്രൊജക്ടുകൾ മറ്റ് അസൈൻമെന്റുകൾ എന്നിവയുടെ നിർവഹണത്തിനായി ആവശ്യാനുസരണം ഹ്രസ്വകാല അടിസ്ഥാനത്തിൽ കൺസൾട്ടൻസി വ്യവസ്ഥയിൽ സേവനം ലഭ്യമാക്കുകയാണ് ചെയ്യുന്നത്. ഇവരുടെ കൺസൾട്ടൻസി ഫീസ്/ ഓണറേറിയം മുതലായവ ഏൽപ്പിക്കപെടുന്ന പ്രവർത്തിയുടെ കാലയളവ്, വൈദഗ്ദ്യം എന്നിവക്കനുസൃതമായി നിശ്ചയിച്ചുവരുന്നു. |
| (ബി) | കില ആസ്ഥാനത്തിന് വെളിയിൽ എവിടെയെല്ലാമാണ് പരിശീലനങ്ങൾ നടത്താറുള്ളതെന്നും ആയതിന് ഏതെല്ലാം വിധത്തിലാണ് ചെലവുണ്ടാകുന്നതെന്നും അറിയിക്കുമോ; | (ബി) | കില ആസ്ഥാനത്തും പുറത്ത് കിലയുടെ 5 പ്രാദേശിക കേന്ദ്രങ്ങളിലും കൂടാതെ കിലയുമായി ധാരണാപത്രം ഒപ്പിട്ടിട്ടുള്ള ഡിസ്ട്രിക്ട് ഇംപ്ലിമെന്റിംഗ് സ്ഥാപനങ്ങളിലും വാടകക്ക് ലഭ്യമായ കേന്ദ്രങ്ങൾ ,തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് പരിശീലനസ്ഥാപനങ്ങൾ എന്നിവിടങ്ങളിലും നിരവധി പരിശീലന പരിപാടികൾ പ്രതിദിനം കില നടത്തിവരുന്നുണ്ട്. എന്നതിനാൽ തന്നെ പരിപാടികൾ സമയബന്ധിതമായും കാര്യക്ഷമമായും കൂടുതൽ പങ്കാളിത്തം ഉറപ്പാക്കി സംഘടിപ്പിക്കുന്നതിലേക്കായി ജില്ലാ/ബ്ലോക്ക് തലത്തിലും അതോടൊപ്പം തലസ്ഥാന നഗരിയിലും വിവിധ ജില്ലാ കേന്ദ്രങ്ങളിലെ വിവിധ സെന്ററുകളിലുമായി കിലക്ക് പരിശീലനം സംഘടിപ്പിക്കേണ്ടി വരുന്നുണ്ട്.<br><br>ഹാൾ വാടക, താമസം, ഭക്ഷണം, പരിശീലന സാമഗ്രികൾ, റിസോഴ്സ് പേഴ്സൺമാർക്കുള്ള യാത്രാബത്ത, ഹോണറേറിയം, അഡ്മിനിസ്ട്രേഷൻ ചാർജ് എന്നീ ഇനങ്ങളിലാണ് ചെലവുകൾ പ്രധാനമായും വരുന്നത്. |
| (സി) | എന്നുവരെയുള്ള പരിശീലങ്ങളുടെ ചെലവുകളും റിസോഴ്സ് പേഴ്സൺമാരുടെ ഓണറേറിയവും യാത്രാബത്തയുമാണ് നാളിതുവരെ നൽകിയിട്ടുള്ളത്; കുടിശിക എന്നത്തേക്ക് കൊടുത്തുതീർക്കാൻ കഴിയുമെന്ന് അറിയിക്കുമോ? | (സി) | പരിശീലന കേന്ദ്രങ്ങളിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള രേഖകളുടെ അടിസ്ഥാനത്തിൽ റിസോഴ്സ് പേഴ്സൺമാരുടെ ഓണറേറിയവും യാത്രാബത്തയും നൽകിയിട്ടുണ്ട്. കൂടാതെ കണക്കുകൾ തീർപ്പാക്കുന്നതിലേക്കായി പ്രത്യേക നടപടികൾ കൈകൊണ്ടതിന്റെ അടിസ്ഥാനത്തിൽ ജില്ലകളിലെ വിവിധ കേന്ദ്രങ്ങളിൽ നിന്നും രേഖകൾ ലഭ്യമാകുന്നതിനനുസരിച്ച് തുക നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ